"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ശ്രീ. ബില്ല്യൻ കുട്ടി. വി.എം, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, കുടുംബാരോഗ്യ കേന്ദ്രം, എഴുപുന്ന, ആലപ്പുഴ-യുടെ മകളുടെ വിവാഹ ആവശ്യത്തിനായി 3,00,000/- (മൂന്നു ലക്ഷം രൂപ) വായ്പ അനുവദിച്ച് - ഉത്തരവാകുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1610/2026/H&FWD തീയതി, തിരുവനന്തപുരം, 07-05-2026

---

പരാമർശം:-
1. സ.ഉ.(പി) നം.82/2023/ധന തീയതി 01.08.2023.
2. ശ്രീ. ബില്ല്യാൻ കുട്ടി വി.എം സമർപ്പിച്ച 23.02.2026 തീയതിയിലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.03.2026 തീയതിയിലെ ഡി.എച്ച്.എസ്/6343/2026-എബി6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ എഴുപുന്ന കുടുംബാരോഗ്യ കേന്ദ്രത്തിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീ. ബില്ല്യൻ കുട്ടി വി.എം.-ന്റെ മകളുടെ വിവാഹ ആവശ്യത്തിലേയ്ക്കായി 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) മാര്യേജ് അഡ്വാൻസായി അനുവദിക്കുന്നതിനുള്ള പരാമർശം (2) അപേക്ഷ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എഴുപുന്ന കുടുംബാരോഗ്യ കേന്ദ്രത്തിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീ. ബില്ല്യൻ കുട്ടി വി.എം.-ന്റെ മകളുടെ വിവാഹത്തിലേയ്ക്കായി, പരാമർശം (1) ഉത്തരവ് പ്രകാരം 6% പലിശനിരക്കിൽ 3,00,000/- (മൂന്നു ലക്ഷം രൂപ മാത്രം) രൂപയുടെ വായ്പ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

i. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610- സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ - 800- മറ്റ് മുൻകൂറുകൾ - 90 - ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ' എന്ന ശീർഷകത്തിൽ നിന്നും വഹിയ്ക്കേണ്ടതാണ്.

ii. തുക കൈമാറുന്നതിന് മുൻപായി അപേക്ഷകനിൽ നിന്നും 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

iii. പരമാവധി തിരിച്ചടവ് കാലാവധി അറുപത് തവണകളായി നിജപ്പെടുത്തേണ്ടതും തുക കൈപ്പറ്റിക്കഴിഞ്ഞ് തൊട്ടടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതുമാണ്.

iv. മുതലിനത്തിൽ തിരിച്ചുപിടിക്കുന്ന തുക '7610-സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ-800-മറ്റ് മുൻകൂറുകൾ - 90 - ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ-രസീത്' എന്ന ശീർഷകത്തിലും ശേഷം പലിശയായി ഈടാക്കുന്ന തുക '0049-04-118-96 - other advances' എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്.

v. ജീവനക്കാരൻ സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് 1 വർഷത്തിന് മുൻപ് തിരിച്ചടവ് (മുതലും പലിശയും ഉൾപ്പെടെ) പൂർത്തീകരിച്ചിരിക്കണം. അടവ് തുക ശേഷിക്കുന്നുണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ DCRG യിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

vi. വായ്പാ തുക യഥാസമയം പിൻവലിച്ച് അപേക്ഷകന് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അത് 31.03.2027 - നോ അതിനുമുൻപോ സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്.

vii. പിൻവലിച്ച് വിതരണം ചെയ്യുന്നതിന് മുൻപായി ലോൺ രജിസ്റ്ററിലും അപേക്ഷകന്റെ സേവനപുസ്തകത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തണം. വായ്പ അനുവദിച്ചുകൊണ്ടുള്ള അനുമതി 2026-27 സാമ്പത്തിക വർഷം തീരുന്നതോടെ റദ്ദാകുന്നതാണ്.

viii. വായ്പ അനുവദിക്കപ്പെട്ട ജീവനക്കാരന്റെ പേരിൽ മറ്റ് മുൻകൂറുകളൊന്നും തീർപ്പാക്കാനവശേഷിക്കുന്നില്ലെന്ന് വകുപ്പ് തലവൻ ഉറപ്പാക്കേണ്ടതാണ്.

ix. പെൺകുട്ടിയുടെ മാതാപിതാക്കൾ രണ്ടു പേരും ക്ലാസ് IV/പാർട്ട് ടൈം ജീവനക്കാരാണെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമേ വിവാഹ ധനസഹായത്തിനുള്ള അർഹതയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. ബില്ല്യൻ കുട്ടി വി.എം, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II കുടുംബാരോഗ്യ കേന്ദ്രം, എഴുപുന്ന, ആലപ്പുഴ.
ജില്ലാ മെഡിക്കൽ ഓഫീസർ, ആലപ്പുഴ.
മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം, എഴുപുന്ന, ആലപ്പുഴ.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുത്തിയതോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ലോൺസ്) വകുപ്പ് (20.04.2026 തീയതിയിലെ Loans-L2/99/2024-FIN (E 3473646) നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ശേഖരം/ഓഫീസ് കോപ്പി-(F2/85/2026-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 07-05-2026 16:17:21